**C 21277** (Pages : 2) Name.....................................

Reg. No.....................................

## SIXTH SEMESTER B.A. DEGREE EXAMINATION, MARCH 2017

(CUCBCSS—UG)

Malayalam

MAL 6B 11—മലയാള കവിത—പൂർവ്വഘട്ടം

Time : Three Hours Maximum : 80 Marks

I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക :

1 രാമചരിതത്തിൽ ആകെ എത്ര പാട്ടുകളാണുള്ളത് ?

2 'കണ്ണശ്ശരാമായണ'ത്തിന്റെ കർത്താവാരാണ് ?

3 ഉണ്ണുനീലിസന്ദേശത്തിലെ സന്ദേശഹരന്റെ പേരെന്ത് ?

4 'ഉത്തരാസ്വയംവരം' ആട്ടക്കഥ രചിച്ചതാര് ?

5 'പാക്കനാർ ' എന്ന പച്ചമലയാള കൃതി എഴുതിയതാര് ?

6 കൃഷ്ണഗാഥയുടെ കഥാവസ്തു സ്വീകരിച്ചിട്ടുള്ളത് എവിടെനിന്ന് ?

7 കുചേലവൃത്തം രചിച്ചിരിക്കുന്നത് ഏതു വൃത്തത്തിലാണ് ?

8 ലീലാതിലകത്തിൽ എത്ര ശില്പങ്ങളുണ്ട് ?

9 സത്രാജിത്തിന് സ്യമന്തകമണി നൽകിയതാര് ?

10 തിരുവനന്തപുരം നഗരത്തെ വർണിക്കുന്ന പ്രാചീന മണിപ്രവാള കൃതിയുടെ പേരെന്ത് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക :

11 പാട്ട് എന്നാലെന്ത് ?

12 "സ്യാനന്ദൂരേ പുരവരേ ചെന്റു നേരത്തുണർന്നാൻ " — ആര് ? അയാൾ അവിടെ എത്തിച്ചേർന്നതെങ്ങനെ ?

13 "കർമ്മഫലങ്ങളൊഴിക്കാവല്ല
ഇമ്മണിമൂലമെനിക്കും വന്നു"
— കൃഷ്ണൻ ഇങ്ങനെ വിചാരിച്ചതെപ്പോൾ ?

14 "ആശയായുള്ള പാശമതിങ്കേന്നു
വേർവിടാതെ കരേറുന്നു മേൽക്കുമേൽ"
— എങ്ങനെ ?

15 "ആരാനും പോന്നു വരുന്നതിനുമുമ്പിലേ
കാരിയമായതു സാധിക്കണം"
— ആരാണിങ്ങനെ വിചാരിക്കുന്നത് ? കാര്യം എന്താണ് ?

(5 × 2 = 10 marks)

Turn over

III. **അഞ്ചു** ചോദ്യത്തിന് **ഒരു** ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക :

16 മണിപ്രവാള ലക്ഷണം എഴുതി വിശദീകരിക്കുക.

17 പ്രാചീന പാട്ടുസാഹിത്യത്തിൽ കാണുന്ന 'എതുക' 'മോന' ഇവ എന്താണ് ?

18 "കാലാഹിനാ പരിഗ്രസ്തമാം ലോകവു–
മാലോലചേതസാ ഭോഗങ്ങൾ തേടുന്നു"

—സാരസ്യം വിശദമാക്കുക.

19 "ചിത്തം കൊണ്ടു വിചാരിക്കുമ്പോൾ
കൊത്തും കോള്ളുമതൊത്തു ചമഞ്ഞു"

— സന്ദർഭം വ്യക്തമാക്കുക.

20 സീതാസ്വയംവരാഘോഷത്തിൽ പങ്കെടുക്കാനെത്തുന്ന ബ്രാഹ്മണരെ രാമായണം ചമ്പുവിൽ വർണിക്കുന്നതെങ്ങനെ ?

21 "കോകശ്രേണി വിരഹനിഹിതം തീ നുറുങ്ങെന്റ പോലെ
തൂകിത്തൂകിത്തുഹിനകണികാം തൂർന്ന പൂങ്കാവിലൂടേ
സ്തോകോന്മീലന്നളിന തെളിതേൻ കാളകൂടാമ്പു കോരി–
ത്തേകിത്തോകപ്പവനനവനെച്ചെന്റു കൊന്റാന്തദാനീം"

—വ്യാഖ്യാനിക്കുക.

22 "സുകൃതമില്ലാതവർക്കു സുചിരം പ്രയത്നം കൊണ്ടു
സുജനസംഗമമുണ്ടോ സുലഭമായി വരുന്നു"

—സന്ദർഭവും ആശയവും വിശദമാക്കുക.

**(5 × 5 = 25 marks)**

IV. **നാലു** ചോദ്യത്തിന് മുന്നൂറു വാക്കിൽ കവിയാതെ ഉത്തരമെഴുതുക :

23 വൈഷ്ണവഭക്തി പാരമ്പര്യത്തെയാണ് മലയാളത്തിലെ ആദ്യകാല കവിതകൾ പ്രതിനിധീകരിക്കുന്നത്—രാമചരിതം, കൃഷ്ണഗാഥ, അദ്ധ്യാത്മരാമായണം കിളിപ്പാട്ട് എന്നീ കൃതികളെ മുൻനിർത്തി ചർച്ച ചെയ്യുക.

24 മണിപ്രവാള പ്രസ്ഥാനത്തിൽ ഉണ്ണുനീലിസന്ദേശത്തിനുള്ള സ്ഥാനം നിർണ്ണയിക്കുക.

25 പ്രമേയ തലത്തിലും വർണനാ വിഷയത്തിലും പ്രാചീന ചമ്പുക്കളിൽനിന്നും തികച്ചും വ്യത്യസ്തമാണ് മധ്യകാല ചമ്പുക്കൾ—സമർത്ഥിക്കുക.

26 പഴഞ്ചൊല്ലുകളിലൂടെയും ലോകോക്തികളിലൂടെയും സാമൂഹിക വിമർശനം നടത്തുന്ന നമ്പ്യാരുടെ രചനാശൈലി സ്യമന്തകം തുള്ളലിൽ എത്രത്തോളം ഫലവത്തായിട്ടുണ്ടെന്നു പരിശോധിക്കുക.

27 നളചരിതത്തിന്റെ കാവ്യഭംഗിയെക്കുറിച്ച് ഉപന്യസിക്കുക.

28 പച്ചമലയാള പ്രസ്ഥാനം മലയാള സാഹിത്യത്തിനു നൽകിയ സംഭാവനകളെന്തെന്നു വിലയിരുത്തുക.

**(4 × 10 = 40 marks)**